ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-01-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് സി.എസ്.ആർ കോൺക്ലേവ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Union Minister of Home Affairs and Cooperation Amit Shah will inaugurate the CSR Conclave in New Delhi today.**

2. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീമിന് കീഴിലുള്ള വേതന പരിധി പരിഷ്കരിക്കുന്നതിനെക്കുറിച്ച് നാല് മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാരിനും EPFO ക്കും സുപ്രീം കോടതി നിർദേശം.

   **The Supreme Court has directed the Central government and the Employees' Provident Fund Organisation (EPFO) to decide, within four months, on revising the wage ceiling under the Employees' Provident Fund Scheme.**

3. കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയം ഐ.ഐ.എം.സിയിലെ വിദ്യാർത്ഥികളുമായി സംവദിക്കും.

   **Union Minister of State L. Murugan will interact with students at IIMC, Kottayam today.**

4. കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മതിയായ രേഖകൾ

കൈവശമില്ലാത്തവർക്ക് അവ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

**Chief Minister Pinarayi Vijayan has said that necessary steps will be taken to include all eligible people in the voter list in Kerala. The district collectors have been instructed to provide sufficient documents to those who do not have them.**

5. വെനസ്വേലയിലെ സംഭവവികാസങ്ങളിൽ ആശങ്ക അറിയിച്ച് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.
   **United Nations Secretary-General António Guterres has expressed deep concern over a possible intensification of instability in Venezuela, following the United States' military intervention and detention of President Nicolás Maduro.**

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് 8 വിക്കറ്റ് ജയം.
   **In Under-19 cricket, India beat Hosts South Africa by 8 wickets through DLS methods in second Youth ODI.**

&&&&&&&&&&&&&&&&&

## AMIT SHAH - CSR CONCLAVE

സിഎസ്ആർ കോൺക്ലേവ് കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് ചെറുക്കുന്നതിനുള്ള സഹകരണപരവും നൂതനവും സുസ്ഥിരവുമായ തന്ത്രങ്ങൾ ചർച്ച ചെയ്യും. ഛത്തീസ്ഗഡിലെ-ഭിലായ് സ്റ്റീൽ പ്ലാന്റിന്റെ സിഎസ്ആർ സംരംഭത്തിന് കീഴിലുള്ള ഗിഫ്റ്റ് മിൽക്ക് പ്രോഗ്രാമിന്റെ മൂന്നാം ഘട്ടം ശ്രീ ഷാ ഉദ്ഘാടനം

ചെയ്യും. കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിംഗ് , അന്നപൂർണ ദേവി എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## PRADHAN- LANGUAGE EVENT

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ കീഴിൽ വികസിപ്പിച്ചെടുത്ത 41 സാഹിത്യ കൃതികൾ കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും. കന്നഡ, തെലുങ്ക്, മലയാളം, ഒഡിയ എന്നീ ഭാഷകളിലെ സെന്റേഴ്സ് ഓഫ് എക്സലെൻസിന്റെ കീഴിലാണ് ഈ കൃതികൾ വികസിപ്പിച്ചെടുത്തിരിക്കുന്നത്. തമിഴ് തിരുക്കുറലിന്റെ 45 എപ്പിസോഡുകളുള്ള ആംഗ്യഭാഷാ വ്യാഖ്യാന പരമ്പരയ്ക്കൊപ്പം 13 പുസ്തകങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടക്കും. ക്ലാസിക്കൽ ഭാഷാ പഠനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയുടെ സമ്പന്നമായ സാഹിത്യ പൈതൃകം സംരക്ഷിക്കുന്നതിനുമുള്ള സുസ്ഥിരമായ പ്രതിബദ്ധതയാണ് ഇതിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് വിദ്യാഭ്യാസ മന്ത്രാലയം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## SC-EPFO

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീമിന് കീഴിലുള്ള വേതന പരിധി പരിഷ്കരിക്കുന്നതിനെക്കുറിച്ച് നാല് മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാരിനും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനും നിർദേശം നൽകി സുപ്രീം കോടതി. വേതന പരിധിയിലെ തടസ്സങ്ങൾ കാരണം ഇപിഎഫ്ഒയുടെ പരിധിയിൽ നിന്ന് വലിയൊരു വിഭാഗം തൊഴിലാളികളെ ഒഴിവാക്കിയിട്ടുണ്ടെന്ന് കാണിച്ച് നൽകിയ പൊതുതാൽപര്യ ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ്മാരായ ജെ.കെ.മഹേശ്വരിയും

അതുൽ എസ്. ചന്ദൂർക്കറും അടങ്ങുന്ന ബെഞ്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

&&&&&&&&&&&&&&&&&

## GERMAN CHANCELLOR VISIT

ജർമനി ചാൻസലർ ഫ്രെഡറിക് മെർസ് ഈ മാസം 12, 13 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം എത്തുന്ന മെർസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. അഹമ്മദാബാദിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ചാൻസലർ മെർസിനെ സ്വീകരിക്കും. 25 വർഷം പൂർത്തിയാക്കിയ ഇന്ത്യ-ജർമനി ഉഭയകക്ഷി പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി ഇരു നേതാക്കളും വിലയിരുത്തും.

&&&&&&&&&&&&&&&&&

## L MURUGAN

കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി കോട്ടയം സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി സംവദിക്കും. കെപിഎസ് മേനോൻ ഹാളിൽ കേരള കൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം ഇന്ന് വൈകുന്നേരം പങ്കെടുക്കും.

&&&&&&&&&&&&&&&&&

## VENEZUELA (INTRO)

വെനസ്വേലയിൽ പ്രസിഡന്റ് നിക്കോളാസ് മദുറോയുടെ അറസ്റ്റിനെ തുടർന്ന് അസ്ഥിരത രൂക്ഷമാകാൻ സാധ്യതയുണ്ടെന്ന ആശങ്ക അറിയിച്ച് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നതിനിടെയാണ്

വെനസ്വേലയിലെ സംഭവ വികാസങ്ങളെന്ന് യു.എൻ സുരക്ഷാ സമിതിയെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു.

**വിശദാംശങ്ങളിലേക്ക്....**
**( വോയിസ്....)**

## VENEZUELA (VOICE)

അമേരിക്കയുടെ സൈനിക ഇടപെടലും മദുറോയെ തടങ്കലിൽ വച്ച നടപടിയും പ്രാദേശിക പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന് ഗുട്ടെറസ് മുന്നറിയിപ്പ് നൽകി. അന്താരാഷ്ട്ര നിയമപ്രകാരം രാജ്യങ്ങളുടെ പ്രാദേശിക സമഗ്രതയ്ക്കോ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനോ എതിരെയുള്ള ബലപ്രയോഗം നിരോധിച്ചിട്ടുണ്ടെന്ന് യു.എൻ സെക്രട്ടറി ജനറൽ എടുത്തു പറഞ്ഞു. ലോകരാജ്യങ്ങൾ യു.എൻ ചാർട്ടർ പൂർണമായി പാലിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. അതിനിടെ, ന്യൂയോർക്ക് സിറ്റി ഫെഡറൽ കോടതിയിൽ ഹാജരാക്കിയ വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മദുറോ തനിക്കെതിരെയുള്ള കുറ്റങ്ങൾ നിഷേധിച്ചു. ശനിയാഴ്ചയാണ് നിക്കോളാസ് മദുറോയെ സൈനിക നടപടിയിലൂടെ യു.എസ് പിടികൂടിയത്. ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&

## VENEZUELA DECREE US ATTACK

യു.എസ് ആക്രമണത്തെ പ്രോത്സാഹിപ്പിക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയെയും കസ്റ്റഡിയിലെടുക്കാൻ സുരക്ഷാ സേനയ്ക്ക് നിർദ്ദേശം നൽകുന്നതായി വെനസ്വേലൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ശനിയാഴ്ച പുറപ്പെടുവിച്ച ഈ ഉത്തരവിൽ യു.എസ് സേന പിടികൂടി ന്യൂയോർക്കിൽ തടവിലക്കാപെട്ട വെനസ്വേല പ്രസിഡന്റ് നിക്കോളാസ് മദുറോയാണ് ഒപ്പുവച്ചത്.

&&&&&&&&&&&&&&&&&

## SWITZERLAND-NICOLAS MADURO

നിക്കോളാസ് മദുറോയുടെയും അദ്ദേഹവുമായി ബന്ധപ്പെട്ട മറ്റ് വ്യക്തികളുടെയും ഉടമസ്ഥതയിൽ സ്വിറ്റ്സർലൻഡിലുള്ള എല്ലാ ആസ്തികളും മരവിപ്പിക്കുമെന്ന് സ്വിറ്റ്സർലൻഡ് പ്രഖ്യാപിച്ചു. സ്വത്തുക്കൾ അനധികൃതമാണെന്ന് കണ്ടെത്തിയാൽ, അവ വെനസ്വേലൻ ജനതയ്ക്ക് പ്രയോജനപ്പെടുമെന്ന് ഉറപ്പാക്കുമെന്നും സ്വിസ്സ് ഭരണകൂടം അറിയിച്ചു.

&&&&&&&&&&&&&&&&&

## JAISHANKAR - PARIS

വിദേശകാര്യ മന്ത്രി എസ്.ജയശങ്കറിന്റെ ഫ്രാൻസ്, ലക്സംബർഗ് സന്ദർശനം പുരോഗമിക്കുന്നു. ഇന്നലെ ഫ്രാൻസിലെത്തിയ വിദേശകാര്യ മന്ത്രി പാരീസിൽ ഫ്രഞ്ച് വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. ഫ്രഞ്ച് അംബാസഡർമാരുടെ 31-ാമത് സമ്മേളനത്തിലും അദ്ദേഹം വിശിഷ്ടാതിഥിയായി പങ്കെടുക്കും. സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ ലക്സംബർഗിൽ എത്തുന്ന അദ്ദേഹം ലക്സംബർഗ് ഉപപ്രധാനമന്ത്രിയുൾപ്പെടെ ഉള്ളവരുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&

## CM - SIR

കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ എടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. രേഖകൾ

കിട്ടാൻ ഫീസ് ഈടാക്കില്ല. ഏതെങ്കിലും ഫീസ് ഉണ്ടെങ്കിൽ അത് ഈ കാലയളവിൽ ഒഴിവാക്കും. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഹിയറിംഗ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനും, ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി.

&&&&&&&&&&&&&&&&&

## PRADHAN BOOK ( INTRO

2014 മുതൽ 2025 വരെയുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്വാതന്ത്ര്യദിന പ്രസംഗങ്ങളുടെ സമാഹാരം കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ പുറത്തിറക്കി. പ്രസംഗങ്ങളുടെ ഉറുദു വിവർത്തനമാണ് പുസ്തകത്തിലുള്ളത്.

( വോയിസ്.... )

&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies/ എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

&&&&&&&&&&&&&&&&&

## DISCUSSIONS

കേന്ദ്ര സർക്കാരിൻ്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ഏഴു ദശാബ്ദങ്ങളിലെ വിദ്യാഭ്യാസ പുരോഗതി എന്ന വിഷയത്തിൽ ഇന്ന് ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ കേരള കേന്ദ്ര സർവകലാശാല മുൻ പ്രൊ - വൈസ് ചാൻസലർ ഡോ. കെ ജയപ്രസാദ് സംസാരിക്കുന്നു.

&&&&&&&&&&&&&&&&&

## IRAN PROTESTS

ഇറാനിലെ പ്രതിഷേധം പത്താം ദിവസത്തിലേക്ക് കടന്നു. സ്ഥിതി വഷളായാൽ പ്രതിഷേധക്കാരെ പിന്തുണയ്ക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. വിലക്കയറ്റവും പണപ്പെരുപ്പവും ചൂണ്ടിക്കാട്ടി നടക്കുന്ന പ്രക്ഷോഭങ്ങളിൽ ഇരുപതോളം പേരാണ് കൊല്ലപ്പെട്ടത്. അതേസമയം, ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. പ്രതിഷേധങ്ങളും പ്രകടനങ്ങളും നടക്കുന്ന സ്ഥലങ്ങളിൽ പോകുന്നത് ഒഴിവാക്കണം. ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും വിദേശകാര്യമന്ത്രാലയം നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&

## BANGLADESH

ബംഗ്ലാദേശിലെ വിവിധയിടങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങൾ തുടരുന്നതായി റിപ്പോർട്ട്. ഇന്നലെ ജെസ്സോറിൽ ഒരു വ്യവസായിയെ അജ്ഞാതർ പരസ്യമായി കൊലപ്പെടുത്തി.

ബംഗ്ലാദേശിലെ ജെനൈദ ജില്ലയിൽ ഒരു സ്ത്രീയെ കൂട്ടബലാത്സംഗം ചെയ്തതായും റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&&&

## UNDER 19 CRICKET

ബെനോണിയിൽ നടന്ന ഇന്ത്യ-ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 8 വിക്കറ്റിന് പരാജയപ്പെടുത്തി. ഡക്ക്‌വർത്ത് ലൂയിസ്-സ്റ്റേൺ നിയമപ്രകാരം ഇന്ത്യയുടെ വിജയലക്ഷ്യം 27 ഓവറിൽ 174 റൺസായി വെട്ടിച്ചുരുക്കിയ മത്സരത്തിൽ 23.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ അനായാസ ജയം നേടുകയായിരുന്നു. ഇതോടെ ഇന്ത്യ 2-0 ന് പരമ്പര സ്വന്തമാക്കി.

&&&&&&&&&&&&&&&&&

## MALAYSIA OPEN 2026

ക്വാലാലംപൂരിൽ ഇന്ന് നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പി.വി. സിന്ധു മത്സരിക്കും. പരിക്കിനെ തുടർന്ന് മത്സരങ്ങളിൽ നിന്ന് വിട്ടു നിന്ന പി വി സിന്ധുവിന്റെ തിരിച്ചുവരവാകും ഈ ടൂർണമെന്റ്. വനിതാ സിംഗിൾസ് മത്സരങ്ങളിൽ മാൾവിക ബൻസോദും ഉന്നതി ഹൂഡയും മത്സരിക്കും. പുരുഷ സിംഗിൾസിൽ, ലക്ഷ്യ സെൻ, ആയുഷ് ഷെട്ടി എന്നിവരും ഡബിൾസ് മത്സരങ്ങളിൽ ചിരാഗ് ഷെട്ടി- സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി സഖ്യവും ഇന്ത്യയെ പ്രതിനിധീകരിക്കും. വനിതാ ഡബിൾസിൽ ട്രീസ ജോളി- ഗായത്രി ഗോപിചന്ദ് സഖ്യം മത്സരിക്കും.

&&&&&&&&&&&&&&&&&

## AYUSH CONFERENCE

മൂന്നാമത് അന്താരാഷ്ട്ര ആയുഷ് സമ്മേളനത്തിനു ദുബായ് ആതിഥേയത്വം വഹിക്കും. അടുത്ത മാസം 15 മുതൽ 17 വരെ ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ 35 ലധികം രാജ്യങ്ങളിൽ നിന്നുള്ള പരമ്പരാഗത വൈദ്യശാസ്ത്ര വിദ്യാർത്ഥികൾ ഉൾപ്പെടെ 1,200-ലധികം പ്രതിനിധികൾ പങ്കെടുക്കും. ഇന്ത്യയുടെ ആയുഷ് മന്ത്രാലയത്തിന്റെയും ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലിന്റെയും നേതൃത്വത്തിൽ വേൾഡ് ആയുർവേദ ഫൗണ്ടേഷനുമായി സഹകരിച്ച് സയൻസ് ഇന്ത്യ ഫോറമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&